വെളിച്ചം
സൗദി ഓൺലൈൻ
ഖുർആൻ പഠന പദ്ധതി

വെളിച്ചം സൗദി ഓൺലൈൻ ഖുർആൻ പഠന പദ്ധതി

നാലാം ഘട്ടം

ക്യാമ്പയിൻ 11

സൂറത്തു ശുഅറാഉ്

ആയത്ത് 176 മുതൽ 199 വരെ

2022 നവംബർ 06 ഞായർ മുതൽ നവംബർ 19 ശനി വരെ

GET IT ON Google Play

Velicham Online

velichamonline.islahiweb.org
velichamsaudionline.com

സൗദി ഇന്ത്യൻ ഇസ്‌ലാഹി സെന്റർ

facebook.com/velichamsaudionline
youtube.com/velichamsaudionline

വിഭാഗം - 10

كَذَّبَ أَصۡحَٰبُ لۡـَٔيۡكَةِ ٱلۡمُرۡسَلِينَ ١٧٦

《176》 'ഐക്കത്ത്' [മരക്കാവ്] കാർ മുർസലുകളെ വ്യാജമാക്കി;-

إِذۡ قَالَ لَهُمۡ شُعَيۡبٌ أَلَا تَتَّقُونَ ١٧٧

《177》 അതായത്, ശുഅയ്ബ് അവരോട് പറഞ്ഞപ്പോൾ: 'നിങ്ങൾ സൂക്ഷിക്കുന്നില്ലേ?!'

إِنِّي لَكُمۡ رَسُولٌ أَمِينٌ ١٧٨

《178》 'നിശ്ചയമായും, ഞാൻ നിങ്ങൾക്ക് വിശ്വസ്തനായ റസൂലാകു

(*) سدوم وعمورية (പടം 4 ഉം 5 ഉം നോക്കുക)

ന്നു.

فَٱتَّقُوا۟ ٱللَّهَ وَأَطِيعُونِ ﴿١٧٩﴾

﴿179﴾ 'ആകയാൽ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും, എന്നെ അനുസരിക്കുകയും ചെയ്യുവിൻ.

وَمَآ أَسْـَٔلُكُمْ عَلَيْهِ مِنْ أَجْرٍ ۖ إِنْ أَجْرِىَ إِلَّا عَلَىٰ رَبِّ ٱلْعَـٰلَمِينَ ﴿١٨٠﴾

﴿180﴾ 'അതിന്റെ പേരിൽ ഞാൻ നിങ്ങളോട് യാതൊരു പ്രതിഫലവും ചോദിക്കുന്നില്ല.

'എന്റെ പ്രതിഫലം, ലോകരക്ഷിതാവിന്റെമേൽ അല്ലാതെ (ബാദ്ധ്യത) ഇല്ല.'

﴿176﴾ كَذَّبَ أَصْحَابُ الأَيْكَةِ ഐക്കത്തുകാർ വ്യാജമാക്കി الْمُرْسَلِينَ മുർസലുകളെ
﴿177﴾ إِذْ قَالَ لَهُمْ അവരോട് പറഞ്ഞപ്പോൾ شُعَيْبٌ ശുഅയ്ബ് أَلاَ تَتَّقُونَ നിങ്ങൾ സൂക്ഷിക്കു
ന്നില്ലേ ﴿178﴾ إِنِّي لَكُمْ നിശ്ചയമായും ഞാൻ നിങ്ങൾക്ക് رَسُولٌ أَمِينٌ വിശ്വസ്തനായ ഒരു
റസൂലാണ് ﴿179﴾ فَاتَّقُوا اللَّهَ അതുകൊണ്ട് നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുവിൻ وَأَطِيعُونِ
എന്നെ അനുസരിക്കയും ചെയ്യുവിൻ ﴿180﴾ وَمَا أَسْأَلُكُمْ നിങ്ങളോട് ഞാൻ ചോദിക്കു
ന്നില്ല عَلَيْهِ അതിന്റെ പേരിൽ مِنْ أَجْرٍ ഒരു പ്രതിഫലവും إِنْ أَجْرِيَ എന്റെ പ്രതിഫലമല്ല
إِلاَّ عَلَى رَبِّ الْعَالَمِينَ ലോകരക്ഷിതാവിന്റെ മേൽ അല്ലാതെ

'ഐക്കത്ത്' (الأَيْكَة) എന്നാൽ, വൃക്ഷങ്ങൾ അധികം തിങ്ങിനിൽക്കുന്ന മരക്കാവ് എന്നർത്ഥം, മദ്‌യനി(*)ന്റെ അടുത്തായിരുന്നു ഈ മരക്കാവ്. മദ്‌യൻകാരടക്കമുള്ള അവിടത്തെ നിവാസികളിലേക്ക് ശുഅയ്ബ് നബി (അ)യെ അല്ലാഹു റസൂലായി നിയോഗിച്ചു. ഐക്കത്തുകാരും, മദ്‌യൻകാരും വെവ്വേറെ രണ്ട് ജനങ്ങളായിരുന്നുവെന്നും, ശുഅയ്ബ് നബി (അ) ഒരു പ്രാവശ്യം അവരിലേക്കും മറ്റൊരു പ്രാവശ്യം ഇവരിലേക്കും റസൂലായി നിയോഗിക്കപ്പെടുകയാണുണ്ടായതെന്നും ചില പണ്ഡിതൻമാർ പ്രസ്താവിക്കുന്നു. പക്ഷേ, രണ്ടുകൂട്ടരും ഒരേ ജനതയായിരുന്നുവെന്നതാണ് ശരിയായ അഭിപ്രായമെന്ന് ഇബ്നുകഥീറും (റ) മറ്റ് ചിലരും ഉറപ്പിച്ചു പറഞ്ഞിരിക്കുന്നു. ഏതായാലും അദ്ദേഹം നിയോഗിക്കപ്പെട്ട ആ സമുദായം, അളത്തത്തിലും, തൂക്കത്തിലും, വഞ്ചനയും, കൃത്രിമവും, നടത്തുന്നവരും, കൊള്ള, കവർച്ച മുതലായ അക്രമങ്ങൾ ചെയ്തിരുന്നവരുമായിരുന്നു. ശുഅയ്ബ് (അ) അവരെ ഇങ്ങനെ ഉപദേശിച്ചു:-

۞ أَوْفُوا۟ ٱلْكَيْلَ وَلَا تَكُونُوا۟ مِنَ ٱلْمُخْسِرِينَ ﴿١٨١﴾

﴿181﴾ 'നിങ്ങൾ അളവ് പൂർത്തിയാക്കിക്കൊടുക്കുവിൻ; (ജനങ്ങളെ) നഷ്ടപ്പെടുത്തുന്നവരുടെ കൂട്ടത്തിൽ നിങ്ങൾ ആകരുത്.

(*) പടം 4 ൽ നോക്കുക.

وَزِنُوا۟ بِٱلْقِسْطَاسِ ٱلْمُسْتَقِيمِ ﴿١٨٢﴾

﴾182﴿ 'ശരിയായിട്ടുള്ള തുലാസ്സ് കൊണ്ട് തൂക്കുകയും ചെയ്യുവിൻ.

وَلَا تَبْخَسُوا۟ ٱلنَّاسَ أَشْيَآءَهُمْ وَلَا تَعْثَوْا۟ فِى ٱلْأَرْضِ مُفْسِدِينَ ﴿١٨٣﴾

﴾183﴿ 'ജനങ്ങൾക്ക് അവരുടെ സാധനങ്ങൾ (കബളിപ്പിച്ചെടുത്തു) നിങ്ങൾ ചേതപ്പെടുത്തുകയും ചെയ്യരുത്; കുഴപ്പക്കാരായിക്കൊണ്ട് നാട്ടിൽ നിങ്ങൾ അനർത്ഥം ചെയ്യുകയും അരുത്.

وَٱتَّقُوا۟ ٱلَّذِى خَلَقَكُمْ وَٱلْجِبِلَّةَ ٱلْأَوَّلِينَ ﴿١٨٤﴾

﴾184﴿ 'നിങ്ങളെയും, ആദിമ സൃഷ്ടികളെ [പൂർവ്വജനങ്ങളെ]യും സൃഷ്ടിച്ചുണ്ടാക്കിയവനെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുവിൻ.'

﴾181﴿ أَوْفُوا നിങ്ങൾ പൂർത്തിയാക്കിക്കൊടുക്കുവിൻ الْكَيْلَ അളത്തം, അളവ് وَلَا تَكُونُوا നിങ്ങൾ ആകരുത് مِنَ الْمُخْسِرِينَ നഷ്ടപ്പെടുത്തുന്നവരിൽ ﴾182﴿ وَزِنُوا നിങ്ങൾ തൂക്കുകയും ചെയ്യുവിൻ بِالْقِسْطَاسِ തുലാസ്സ് (ത്രാസ്സ്) കൊണ്ട് الْمُسْتَقِيمِ ശരിയായ, ചൊവ്വായ ﴾183﴿ وَلَا تَبْخَسُوا നിങ്ങൾ ചേതപ്പെടുത്തുകയും അരുത്, നഷ്ടമുണ്ടാക്കരുത് النَّاسَ ജനങ്ങൾക്ക് أَشْيَاءَهُمْ അവരുടെ വസ്തുക്കൾ, സാധനങ്ങൾ وَلَا تَعْثَوْا നിങ്ങൾ അനർത്ഥം (നാശം) ചെയ്കയും അരുത് فِي الْأَرْضِ ഭൂമിയിൽ مُفْسِدِينَ കുഴപ്പമുണ്ടാക്കുന്നവരായി, നാശകാരികളായി ﴾184﴿ وَاتَّقُوا നിങ്ങൾ സൂക്ഷിക്കയും ചെയ്യുവിൻ الَّذِي خَلَقَكُمْ നിങ്ങളെ സൃഷ്ടിച്ചവനെ وَالْجِبِلَّةَ സൃഷ്ടികളെയും, ജനങ്ങളെയും الْأَوَّلِينَ ആദിമൻമാരായ, പൂർവ്വികരായ

സത്യനിഷേധികളായ ഇതര സമുദായങ്ങൾ അവരുടെ നബിമാരോട് പറഞ്ഞ മറുപടികളിൽ നിന്നും വിഭിന്നമായിരുന്നില്ല ഇവരുടെ മറുപടിയും. ധാർമികബോധം നഷ്ടപ്പെട്ടു ദേഹേച്ഛകൾക്കും, ഭൗതികസുഖങ്ങൾക്കും പ്രാധാന്യം നൽകിവരുന്ന എല്ലാവരുടെയും നില ഇത് തന്നെയായിരിക്കും. അതിൽ മുൻകാലക്കാരും പിൽക്കാലക്കാരും തമ്മിൽ വലിയ വ്യത്യാസമൊന്നും കാണുകയില്ല. റസൂലുകളെ ധിക്കരിച്ച പല സമുദായങ്ങളുടെയും സ്ഥിതിഗതികൾ ചൂണ്ടിക്കാട്ടിയശേഷം അല്ലാഹു ഒരിടത്ത് നബിﷺയോടായി പറഞ്ഞിട്ടുള്ള ചില വചനങ്ങൾ ഇവിടെ സ്മരണീയമാകുന്നു:-

كَذَٰلِكَ مَا أَتَى الَّذِينَ مِن قَبْلِهِم مِّن رَّسُولٍ إِلَّا قَالُوا سَاحِرٌ أَوْ مَجْنُونٌ ٥ أَتَوَاصَوْا بِهِ بَلْ هُمْ قَوْمٌ طَاغُونَ ٥ فَتَوَلَّ عَنْهُمْ فَمَا أَنتَ بِمَلُومٍ ٥ وَذَكِّرْ فَإِنَّ الذِّكْرَىٰ تَنفَعُ الْمُؤْمِنِينَ ٥ - الذاريات

സാരം: ഇത് പോലെത്തന്നെ, ഇവരുടെ മുമ്പുള്ളവരും ഏതൊരു റസൂൽ ചെല്ലുന്നതായാലും, അദ്ദേഹം ജാലവിദ്യക്കാരൻ (അഥവാ ആഭിചാരി) എന്നോ, ഭ്രാന്തൻ എന്നോ പറയാതിരുന്നിട്ടില്ല. അവരന്യോന്യം ഇതുസംബന്ധിച്ച് വസ്വിയ്യത്ത് ചെയ്തിരിക്കുകയാണോ?! പക്ഷേ, (അതല്ല) അവർ ധിക്കാരികളായ ജനങ്ങളാകുന്നു. അതുകൊണ്ട്, നീ അവരിൽനിന്ന് മാറിനിന്നുകൊള്ളുക. (അവരെ അവരുടെ പാട്ടിന് വിട്ടേക്കുക) എന്നാൽ, നീ ആക്ഷേപിക്ക

പ്പെടുന്നവനല്ലതന്നെ. നീ ഓർമപ്പെടുത്തുക (ഉപദേശിക്കുക)യും ചെയ്യുക. കാരണം, ഉപദേശം വിശ്വാസികൾക്ക് ഫലം ചെയ്യുന്നതാകുന്നു. (51: 52 - 55)

قَالُوٓاْ إِنَّمَآ أَنتَ مِنَ ٱلۡمُسَحَّرِينَ ﴿١٨٥﴾

﴾185﴿ അവർ പറഞ്ഞു: 'നിശ്ചയമായും നീ, ആഭിചാരബാധിതരിൽ പെട്ടവൻതന്നെയാകുന്നു.

وَمَآ أَنتَ إِلَّا بَشَرٞ مِّثۡلُنَا وَإِن نَّظُنُّكَ لَمِنَ ٱلۡكَٰذِبِينَ ﴿١٨٦﴾

﴾186﴿ 'നീ ഞങ്ങളെപ്പോലെയുള്ള ഒരു മനുഷ്യനല്ലാതെ (മറ്റൊന്നും) അല്ല: നീ വ്യാജവാദികളിൽ പെട്ടവൻതന്നെയാണെന്ന് നിശ്ചയമായും ഞങ്ങൾ നിന്നെക്കുറിച്ച് ധരിക്കുന്നു

فَأَسۡقِطۡ عَلَيۡنَا كِسَفٗا مِّنَ ٱلسَّمَآءِ إِن كُنتَ مِنَ ٱلصَّٰدِقِينَ ﴿١٨٧﴾

﴾187﴿ 'അതുകൊണ്ട്, ആകാശത്ത് നിന്ന് ചില തുണ്ടങ്ങൾ ഞങ്ങളുടെമേൽ നീ വീഴ്ത്തിക്കൊള്ളുക; -നീ സത്യവാദികളിൽ പെട്ടവനാണെങ്കിൽ!'

قَالَ رَبِّيٓ أَعۡلَمُ بِمَا تَعۡمَلُونَ ﴿١٨٨﴾

﴾188﴿ അദ്ദേഹം പറഞ്ഞു: 'നിങ്ങൾ പ്രവർത്തിച്ചുവരുന്നതിനെക്കുറിച്ച് എന്റെ റബ്ബ് നല്ലവണ്ണം അറിയുന്നവനാകുന്നു,.

﴾185﴿ قَالُوا അവർ പറഞ്ഞു إِنَّمَا أَنْتَ നിശ്ചയമായും നീ مِنَ الْمُسَحَّرِينَ സിഹ്ർ (ആഭിചാരം, മാരണം) ബാധിച്ചവരിൽ പെട്ടവനാകുന്നു ﴾186﴿ وَمَا أَنْتَ നീ അല്ല إِلَّا بَشَرٌ ഒരു മനുഷ്യനല്ലാതെ مِثْلُنَا ഞങ്ങളെപ്പോലുള്ള وَإِنْ نَظُنُّكَ നിശ്ചയമായും ഞങ്ങൾ നിന്നെ ധരിക്കുന്നു, വിചാരിക്കുന്നു لَمِنَ الْكَاذِبِينَ കള്ളം പറയുന്നവരിൽ (വ്യാജവാദികളിൽ) പെട്ടവൻതന്നെ എന്ന് ﴾187﴿ فَأَسْقِطْ എന്നാൽ (അതുകൊണ്ട്) നീ വീഴ്ത്തുക عَلَيْنَا ഞങ്ങളിൽ, ഞങ്ങളുടെമേൽ كِسَفًا തുണ്ടങ്ങളെ, കഷ്ണങ്ങളെ مِنَ السَّمَاءِ ആകാശത്ത് നിന്ന് إِنْ كُنْتَ നീ ആണെങ്കിൽ مِنَ الصَّادِقِينَ സത്യവാൻമാരിൽനിന്ന്, സത്യവാദികളിൽ (പെട്ടവൻ) ﴾188﴿ قَالَ അദ്ദേഹം പറഞ്ഞു رَبِّي أَعْلَمُ എന്റെ റബ്ബ് നല്ലവണ്ണം അറിയുന്നവനാണ്, കൂടുതൽ അറിയുന്നവനാണ് بِمَا تَعْمَلُونَ നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി

(അതുകൊണ്ട് നിങ്ങളെ സംബന്ധിച്ച് വേണ്ടുന്ന നടപടികൾ അവൻ എടുത്തുകൊള്ളുന്നതാകുന്നു. എന്റെ കടമ ഞാൻ നിർവ്വഹിക്കുന്നുവെന്നുമാത്രം.)

فَكَذَّبُوهُ

﴾189﴿ അങ്ങനെ, അവർ അദ്ദേഹത്തെ വ്യാജമാക്കി.

فَأَخَذَهُمْ عَذَابُ يَوْمِ ٱلظُّلَّةِ ۚ إِنَّهُۥ كَانَ عَذَابَ يَوْمٍ عَظِيمٍ ﴿١٨٩﴾

അതിനാൽ, മേഘത്തണലിന്റെ ദിവസത്തിലെ ശിക്ഷ അവരെ പിടികൂടി. നിശ്ചയമായും, അത് ഒരു വമ്പിച്ച ദിവസത്തിലെ ശിക്ഷയായിരുന്നു!

﴾189﴿ فَكَذَّبُوهُ അങ്ങനെ അവർ അദ്ദേഹത്തെ വ്യാജമാക്കി فَأَخَذَهُمْ അതിനാൽ അവരെ പിടികൂടി, പിടിപെട്ടു عَذَابُ ശിക്ഷ يَوْمِ الظُّلَّةِ മേഘത്തണലിന്റെ ദിവസത്തിലെ إِنَّهُ كَانَ തീർച്ചയായും അതാകുന്നു عَذَابَ يَوْمٍ ഒരു ദിവസത്തിലെ ശിക്ഷ عَظِيمٍ വമ്പിച്ച

ആദ്യം അവർക്ക് അതികഠിനമായ ഉഷ്ണം ബാധിച്ചു. തണലും വെള്ളവും പ്രയോജനപ്പെടാതായി. ശ്വാസം കഴിപ്പാൻപോലും വിഷമമായി. അങ്ങനെയിരിക്കെ, ഒരു വലിയ കാർമേഘം അന്തരീക്ഷത്തിൽ പ്രത്യക്ഷപ്പെട്ടു അവരെല്ലാം മൈതാനിയിൽ അതിന്റെ തണലിൽ കൂട്ടമായി ഒരുമിച്ചുകൂടി. പെട്ടെന്ന് മേഘം അവരിൽ ഒരു അഗ്നിവർഷം നടത്തി. അതിൽ അവരെല്ലാം വെന്തുനശിച്ചുപോയി! ഇതായിരുന്നു അവർക്ക് മേഘത്തണലിന്റെ ദിവസത്തിൽ ബാധിച്ച ശിക്ഷ (عَذَابُ يَوْمِ الظُّلَّةِ) എന്നാണ് പല ക്വുർആൻ വ്യാഖ്യാതാക്കളും പ്രസ്താവിക്കുന്നത്. ആ ദിവസം അവരെ സംബന്ധിച്ചിടത്തോളം എത്രമേൽ വമ്പിച്ച ദിവസമാണെന്ന് പറയേണ്ടതില്ലല്ലോ. കഴിഞ്ഞ കഥകളുടെയെല്ലാം അവസാനത്തിൽ അല്ലാഹു ഓർമിപ്പിച്ചു വന്നത് പോലെ ഇവിടെയും അല്ലാഹു ഓർമിപ്പിക്കുന്നു:-

إِنَّ فِى ذَٰلِكَ لَءَايَةً ۖ

﴾190﴿ നിശ്ചയമായും അതിൽ ഒരു (വലിയ) ദൃഷ്ടാന്തമുണ്ട്.

وَمَا كَانَ أَكْثَرُهُم مُّؤْمِنِينَ ﴿١٩٠﴾

അവരിൽ അധികമാളും വിശ്വസിക്കുന്നവരല്ല.

وَإِنَّ رَبَّكَ لَهُوَ ٱلْعَزِيزُ ٱلرَّحِيمُ ﴿١٩١﴾

﴾191﴿ നിശ്ചയമായും നിന്റെ റബ്ബ് തന്നെയാണ് പ്രതാപശാലിയും, കരുണാനിധിയും.

﴾190﴿ إِنَّ فِي ذَٰلِكَ നിശ്ചയമായും അതിലുണ്ട് لَآيَةً ഒരു ദൃഷ്ടാന്തം وَمَا كَانَ أَكْثَرُهُمْ അവരിൽ അധികമാളുകളും അല്ല مُؤْمِنِينَ വിശ്വസിക്കുന്നവർ, വിശ്വാസികൾ ﴾191﴿ وَإِنَّ رَبَّكَ നിശ്ചയമായും നിന്റെ റബ്ബ് لَهُوَ الْعَزِيزُ അവൻ തന്നെയാണ് പ്രതാപശാലി الرَّحِيمُ കരുണാനിധി

ഈ സൂറത്തിന്റെ ആദ്യവചനങ്ങളിൽ അവിശ്വാസികൾക്ക് നൽകപ്പെടുന്ന ഉൽബോധനങ്ങളുടെ നേരെ അവർ കൈകൊണ്ട അവഗണനയെക്കുറിച്ചും, പരിഹാസത്തെക്കുറിച്ചും പ്രസ്താവിക്കുകയുണ്ടായി. അതിനെത്തുടർന്ന് അല്ലാഹുവിന്റെ ഏകത്വത്തിനും, മഹത്വത്തിനുമുള്ള- പ്രകൃതിപരവും, ചരിത്രപരവുമായ- പല ദൃഷ്ടാന്തങ്ങളും വിവരിച്ചു. നബി ﷺ അവർക്ക് നൽകുന്ന ഈ ഉൽബോധനം- അതെ അവർക്ക് ഓതിക്കേൾപ്പിക്കുന്ന വിശുദ്ധ ക്വുർആൻ- എങ്ങനെയുള്ളതാണ്? അത് നബി ﷺ ക്ക് എവിടെനിന്ന് ലഭിച്ചു എന്നിത്യാദി കാര്യ

ങ്ങളെക്കുറിച്ചാണ് ഇനിയുള്ള വചനങ്ങളിൽ പ്രതിപാദിക്കുന്നത്:-

വിഭാഗം - 11

وَإِنَّهُۥ لَتَنزِيلُ رَبِّ ٱلْعَـٰلَمِينَ ﴿١٩٢﴾

《192》 നിശ്ചയമായും അത് [ക്വുർആൻ] ലോകരക്ഷിതാവ് അവതരിപ്പിച്ചത് തന്നെ.

نَزَلَ بِهِ ٱلرُّوحُ ٱلْأَمِينُ ﴿١٩٣﴾

《193》 (ആ) വിശ്വസ്തനായ ആത്മാവ് [ജിബ്‌രീൽ] അതുംകൊണ്ട് ഇറങ്ങിയിരിക്കുകയാണ്:-

عَلَىٰ قَلْبِكَ لِتَكُونَ مِنَ ٱلْمُنذِرِينَ ﴿١٩٤﴾

《194》 നിന്റെ ഹൃദയത്തിൽ, നീ താക്കീത് നൽകുന്നവരുടെ കൂട്ടത്തിൽ ആയിരിക്കുവാൻ വേണ്ടി;-

بِلِسَانٍ عَرَبِيٍّ مُّبِينٍ ﴿١٩٥﴾

《195》 സ്പഷ്ടമായ അറബിഭാഷയിൽ.

《192》 وَإِنَّهُ നിശ്ചയമായും അത് لَتَنزِيلُ അവതരിപ്പിച്ചത് തന്നെ, ഇറക്കിക്കൊടുക്കൽ തന്നെ رَبِّ الْعَالَمِينَ ലോകരക്ഷിതാവിന്റെ, ലോകരുടെ റബ്ബിന്റെ 《193》 نَزَلَ بِهِ അതുമായി അവതരിച്ചു, അതുംകൊണ്ട് ഇറങ്ങിയിരിക്കുന്നു الرُّوحُ الْأَمِينُ വിശ്വസ്തനായ ആത്മാവ് 《194》 عَلَىٰ قَلْبِكَ നിന്റെ ഹൃദയത്തിൽ لِتَكُونَ നീ ആയിരിക്കുവാൻവേണ്ടി مِنَ الْمُنذِرِينَ താക്കീത് ചെയ്യുന്നവരിൽ (പെട്ടവൻ) 《195》 بِلِسَانٍ ഒരു ഭാഷയിൽ عَرَبِيٍّ അറബിയായ مُبِينٍ സ്പഷ്ടമായ, വ്യക്തമായ

'നീ, ജനങ്ങൾക്ക് താക്കീത് നൽകുന്ന മുർസലുകളുടെ കൂട്ടത്തിൽ പെട്ട ആളായിരിക്കുവാൻവേണ്ടി നിന്റെ ഹൃദയത്തിൽ അതുമായി-വിശുദ്ധ ക്വുർആനുമായി- വിശ്വസ്തനായ ആത്മാവ് ഇറങ്ങിയിരിക്കുകയാണ്. അത് ലോകരക്ഷിതാവായ അല്ലാഹു അവതരിപ്പിച്ചതു തന്നെയാകുന്നു. സ്പഷ്ടമായ അറബിഭാഷയിലാണ് അതുള്ളത്, എന്ന് സാരം. ഈ ചെറിയ നാല് ആയത്തുകളിൽ പല പ്രധാന സംഗതികളും അടങ്ങിയിട്ടുണ്ട്. അതിന്റെ സംഗ്രഹം ഇങ്ങനെ മനസ്സിലാക്കാം:-

(1) 'അല്ലാഹു അവതരിപ്പിച്ചത്' എന്ന് പറയാതെ, ലോകരക്ഷിതാവ് അവതരിപ്പിച്ചത് (تَنزِيلُ رَبِّ الْعَالَمِينَ) എന്നാണല്ലോ അല്ലാഹു പറഞ്ഞത്. അപ്പോൾ, സ്വാഭാവികമായും അല്ലാഹുവിന്റെ രക്ഷാകർതൃത്വത്തിന്റെ കീഴിൽ നിലകൊള്ളുന്ന എല്ലാ ജനവിഭാഗങ്ങൾക്കും മാർഗദർശകവും, അനുയോജ്യവുമായിരിക്കണം അത് (ക്വുർആൻ). എല്ലാവരും തങ്ങളുടെ രക്ഷിതാവിനാൽ അവതരിപ്പിക്കപ്പെട്ട ആ ഗ്രന്ഥം സ്വീകരിക്കുവാൻ കടമപ്പെട്ടവരുമായിരിക്കും അവരുടെ യഥാർത്ഥ നന്മകൾ എന്തൊക്കെയാണെന്നും, ഏതൊക്കെയാണെന്നും ശരിക്കും കണക്കിലെടുത്തുകൊണ്ടായിരിക്കും അത് അവതരിപ്പിച്ചിരിക്കുക. അവരുടെ നന്മക്കും, ഗുണത്തിനും അതിനെക്കാൾ ഉതകുന്ന മറ്റൊരു പ്രമാണം ഉണ്ടായിരിക്കുകയില്ല.

(2) 'ലോകരക്ഷിതാവ് അവതരിപ്പിച്ചതുതന്നെ' (وَإِنَّهُ لَتَنزِيلُ الخ) എന്ന് ഊന്നിപ്പറഞ്ഞതും അർത്ഥവത്താകുന്നു. അത് (ക്വുർആൻ) മുഹമ്മദ് നബി ﷺ സ്വന്തം നിലക്ക് പറഞ്ഞതല്ല, മറ്റ് ചില മനുഷ്യരിൽനിന്നോ, ജിന്ന്, മലക്ക് മുതലായവരിൽനിന്നോ രൂപം കൊണ്ടതുമല്ല. അല്ലാഹുതന്നെയാണ് അവതരിപ്പിച്ചിരിക്കുന്നത്. നബി ﷺ ക്ക് എത്തിച്ചുകൊടുത്തത് ജിബ്‌രീൽ (അ) ആയതുകൊണ്ട് അത് അല്ലാഹുവിൽ നിന്നല്ലാതെയാകുന്നുമില്ല. അല്ലാഹു അദ്ദേഹം മുഖേന അത് എത്തിച്ചുകൊടുത്തുവെന്ന് മാത്രമേയുള്ളൂ. എന്നൊക്കെ ഈ പ്രയോഗത്തിൽ സൂചനകളുണ്ട്.

(3) സൂറത്ത്- ശൂറാ (الشورى) 51 ൽ വരുന്നത് പോലെ, അല്ലാഹുവിൽനിന്ന് പ്രവാചകൻമാർക്ക്, ദിവ്യസന്ദേശങ്ങൾ ലഭിക്കുന്നത് ഒന്നിലധികം പ്രകാരത്തിൽ ആകാവുന്നതാണ്. അവയിൽ ഒന്ന് ഒരു മലക്കിനെ ദൂതനായി അയച്ചു അദ്ദേഹം മുഖാന്തരം സന്ദേശമെത്തിക്കുക എന്നുള്ളതാകുന്നു. ഇപ്രകാരമാണ് ക്വുർആന്റെ അവതരണം നടന്നിട്ടുള്ളത്. 'അതുംകൊണ്ട് വിശ്വസ്തനായ ആത്മാവ് ഇറങ്ങിയിരിക്കുകയാണ്' (نَزَلَ بِهِ الرُّوحُ الْأَمِينُ) എന്ന് പറഞ്ഞത് ഇതിനെക്കുറിച്ചാകുന്നു.'വിശ്വസ്തനായ ആത്മാവ്' കൊണ്ടുദ്ദേശ്യം ജിബ്‌രീൽ (അ) തന്നെ. ജിബ്‌രീൽ തങ്ങളുടെ ശത്രുവാണെന്നും മറ്റും ജൂതന്മാർ പറഞ്ഞുവന്നതിനെക്കുറിച്ചുള്ള ഒരു പ്രസ്താവനയിൽ അല്ലാഹു ഇങ്ങനെ പറയുന്നു: 'ആരെങ്കിലും ജിബ്‌രീലിന് ശത്രുവാണെങ്കിൽ (ആയിക്കൊള്ളട്ടെ) എന്നാൽ, അദ്ദേഹം നിന്റെ ഹൃദയത്തിൽ അല്ലാഹുവിന്റെ ഉത്തരവുപ്രകാരം അത് അവതരിപ്പിച്ചിരിക്കുകയാണ്' (٩٧ : البقرة – مَن كَانَ عَدُوًّا لِّجِبْرِيلَ فَإِنَّهُ نَزَّلَهُ عَلَىٰ قَلْبِكَ بِإِذْنِ اللَّهِ) ജിബ്‌രീൽ (അ)നെ ഉദ്ദേശിച്ച് 'അൽ- റൂഹുൽ അമീൻ' എന്നാണല്ലോ ഇവിടെ പറഞ്ഞത്. ചിലപ്പോൾ 'അൽ- റൂഹ്' (الرُّوح = ആത്മാവ്) എന്നും, ചിലപ്പോൾ 'റൂഹുൽ ക്വുദുസ്' (روح القدس = പരിശുദ്ധാത്മാവ്) എന്നും പറയാറുണ്ട്. അല്ലാഹുവിൽനിന്ന് നബിമാർക്ക് വഹ്‌യുകൾ (ദിവ്യസന്ദേശങ്ങൾ) എത്തിച്ചുകൊടുക്കുന്ന മഹാദൂതനാണ് (الناموس الاكبر) അദ്ദേഹം. അഭൗതിക സൃഷ്ടികളായ ആത്മീയജീവികളത്രെ മലക്കുകൾ. അതുകൊണ്ട് ആത്മാവ് എന്നർത്ഥമുള്ള 'റൂഹ്' എന്ന പ്രയോഗം ഇവിടെ സ്പഷ്ടമാണ്. ഒരു പ്രത്യേക ആളെ ഉദ്ദേശിക്കുന്നതിനെയാണ് 'അൽ' (ال) എന്ന അവ്യയം കുറിക്കുന്നത്. ആ പ്രത്യേക ആത്മാവത്രെ ജിബ്‌രീൽ (അ).

(4) ജിബ്‌രീൽ (അ)നെ വിശ്വസ്തൻ (الأَمِين) എന്ന് വിശേഷിപ്പിച്ചതിലും രഹസ്യമുണ്ട്. യാതൊരു കൃത്രിമമോ, മാറ്റത്തിരുത്തോ അദ്ദേഹത്തിൽനിന്ന് സംഭവിക്കുകയില്ല. അല്ലാഹു ഏൽപിച്ച അതേപ്രകാരം തന്നെ സൂക്ഷ്മമായും കൃത്യമായും അദ്ദേഹം തന്റെ ദൗത്യം നിർവ്വഹിക്കുന്നതാണ്, എന്ന് താൽപര്യം. അല്ലാഹുവിന്റെ കൽപന പ്രകാരമല്ലാതെ അത് സംഭവിക്കുകയില്ലെന്ന് മേലുദ്ധരിച്ച ആയത്തിലും പ്രസ്താവിച്ചുവല്ലോ.

(5) നബി തിരുമേനി ﷺ യുടെ ഹൃദയത്തിലാണ് ക്വുർആൻ അവതരിക്കുന്നതെന്ന് ഇവിടെയും, സൂ: അൽബക്വറഃ യിലെ ആയത്തിലും അല്ലാഹു വ്യക്തമാക്കുന്നു. കാര്യങ്ങൾ ഗ്രഹിക്കുവാനും, സ്മരിക്കുവാനുമുള്ള ആ ആന്തരീകശക്തിയാണിവിടെ 'ഹൃദയം' (قَلْب) കൊണ്ടുദ്ദേശ്യം. അഥവാ ഹൃദയമെന്ന് പറയപ്പെടുന്ന ശാരീരികമായ അംശമോ, അവയവമോ അല്ല ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ജിബ്‌രീൽ (അ) ആ വചനങ്ങൾ ഓതിക്കൊടുക്കുന്നു. തിരുമേനിക്ക് അത് ഹൃദിസ്ഥമാവുകയും ചെയ്യുന്നു. പിന്നീടത് മറന്നുപോകുന്നതുമല്ല. سَنُقْرِئُكَ فَلَا تَنسَىٰ (നിനക്ക് നാം ഓതിത്തരും; എന്നിട്ട് നീ മറക്കുകയില്ല.)

ഖുർആനാകുന്ന ദിവ്യവചനങ്ങളുടെ സാരാംശമോ, അർത്ഥമോ അല്ല- അക്ഷരങ്ങൾ സഹിതമുള്ള വചനങ്ങൾ തന്നെയാണ് -നബിﷺക്ക് മലക്ക് എത്തിച്ചുകൊടുക്കുന്നത്. അതുകൊണ്ടാണ് ഖുർആന്ന് അല്ലാഹുവിന്റെ വചനം (كَلَامَ اللَّهِ) എന്ന് പറയുന്നത്. 'നാം നിനക്ക് അത് പാരായണം ചെയ്തുതരുന്നു' (نَتْلُوهَا عَلَيْكَ- الجاثية) എന്നും, നാം അത് ഓതിത്തരുമ്പോൾ ആ ഓതിത്തരുന്നതിനെ പിൻപറ്റിക്കൊള്ളുക' (فَإِذَا قَرَأْنَاهُ فَاتَّبِعْ قُرْآنَهُ القيمة: ١٨) എന്നും മറ്റും അല്ലാഹു ഖുർആനെപ്പറ്റി പ്രസ്താവിക്കുന്നതിൽ നിന്നും ഇത് മനസ്സിലാക്കാം. ഒരിക്കൽ നബിﷺയോട് ഒരാൾ, അവിടുത്തേക്ക് 'വഹ്‌യ്' വരുന്നത് എങ്ങനെയാണെന്ന് ചോദിക്കുകയുണ്ടായി. അപ്പോൾ അവിടുന്ന് ഇങ്ങനെ മറുപടി പറഞ്ഞു:-

(أحيانا يأتيني مثل صلصلة الجرس، وهو أشده علي، فيفصم عني وقد وعيت عنه ما قال، وأحيانا يتمثل لي الملك رجلا، فيكلمني فأعي ما يقول)-متفق عليه

സാരം: ചിലപ്പോൾ മണി അടിക്കുന്നതിന്റെ ചലചല ശബ്ദം പോലെയാണത് എനിക്ക് വരുന്നത്. അതാണ്, എനിക്ക് കൂടുതൽ പ്രയാസകരമായിട്ടുള്ളത്. അങ്ങനെ, അത് തീരുമ്പോഴേക്കും മലക്ക് പറയുന്നത് എനിക്ക് പാഠമായിട്ടുണ്ടായിരിക്കും. ചില സന്ദർഭങ്ങളിൽ, മലക്ക് മനുഷ്യരൂപത്തിൽ എനിക്ക് പ്രത്യക്ഷപ്പെടും. അപ്പോൾ അദ്ദേഹം പറയുന്നത് എനിക്ക് പാഠമാകുന്നു... (ബു; മു.) വഹ്‌യിന്റെ ഇനങ്ങളെ സംബന്ധിച്ചും മറ്റും സൂ: ശൂറാ 51-ൽ വെച്ച് കൂടുതൽ വിവരം നമുക്ക് ലഭിക്കുന്നതാണ്. إن شاء الله

(6) 'സ്പഷ്ടമായ അറബിഭാഷയിലാണ് (بِلِسَانٍ عَرَبِيٍّ مُّبِينٍ) എന്ന് പറഞ്ഞുവല്ലോ. ഖുർആൻ അറബിഭാഷയിലാകുവാനുള്ള കാരണം, അറബിഭാഷയിൽ തന്നെയുള്ള വിഭാഗങ്ങളും, പ്രാദേശിക വ്യത്യാസങ്ങളും നോക്കുമ്പോൾ ഖുർആൻ അംഗീകരിച്ചിട്ടുള്ള ഭാഷാശൈലിയുടെ സവിശേഷത, അറബിഭാഷാ സാഹിത്യത്തിൽ അതിനുള്ള പ്രത്യേകത മുതലായതിനെപ്പറ്റി മുഖവുര, അദ്ധ്യായം IV ലും, സൂ: ത്വാഹാ 113 -ന്റെ വിവരണത്തിലും മറ്റും നാം വിവരിച്ചിട്ടുള്ളത് ഇവിടെ സ്മരിക്കുക. 'സ്പഷ്ടമായ ഭാഷ' (لِسَان مُبِين) എന്ന് ഖുറയ്ശികൾക്കിടയിൽ പ്രചാരത്തിലുണ്ടായിരുന്ന ഭാഷാശൈലിയെ ഉദ്ദേശിച്ച് പറയപ്പെടാറുണ്ടെന്നും ഖുർആന്റെ ഭാഷ ഖുറൈശികളുടെ ഭാഷാരീതിയോട് കൂടുതൽ അടുപ്പമുണ്ടെന്നും മുഖവുരയിൽ നാം ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഏതായാലും, എല്ലാ ഭാഷകളുമെന്നപോലെ അറബിഭാഷയും കാലാന്തരത്തിൽ- ഭാഷണരീതി, രചനാശൈലി, സാഹിത്യപ്രയോഗം ആദിയായവയിൽ- പല മാറ്റങ്ങൾക്കും വിധേയമായിക്കൊണ്ടിരിക്കുകയാകുന്നു. എന്നാൽ, ഖുർആന്റെ ഭാഷാശൈലിയാകട്ടെ- അന്നും, ഇന്നും -പുതുമയോടും, നവചൈതന്യത്തോടുംകൂടി അതേ സ്പഷ്ടമായ രൂപത്തിൽ തന്നെ അവശേഷിക്കുന്നു. എന്നും അങ്ങനെത്തന്നെ നിലനിൽക്കുകയും ചെയ്യും.

وَإِنَّهُۥ لَفِى زُبُرِ ٱلْأَوَّلِينَ ﴿١٩٦﴾

196 നിശ്ചയമായും അത് [ഖുർആൻ] മുൻഗാമികളുടെ ഗ്രന്ഥങ്ങളിലുമുണ്ട്.

أَوَلَمْ يَكُن لَّهُمْ ءَايَةً أَن يَعْلَمَهُۥ عُلَمَٰٓؤُا۟ بَنِىٓ إِسْرَٰٓءِيلَ ﴿١٩٧﴾

《197》 ഇസ്റാഈൽ സന്തതികളിലെ പണ്ഡിതൻമാർക്ക് അതറിയാമെന്നുള്ളത് ഇവർക്ക് [ഈ അവിശ്വാസികൾക്ക്] ഒരു ലക്ഷ്യമാകുന്നില്ലെയോ?!

《196》 وَإِنَّهُ നിശ്ചയമായും അത് لَفِي زُبُرِ ഗ്രന്ഥങ്ങളിലുണ്ട്, ഏടുകളിൽ തന്നെയുണ്ട് الْأَوَّلِينَ പൂർവ്വികൻമാരുടെ, മുൻഗാമികളുടെ 《197》 أَوَلَمْ يَكُن ആകുന്നില്ലെയോ, അല്ലേ لَهُمْ അവർക്ക് آيَةً ഒരു ലക്ഷ്യം, ദൃഷ്ടാന്തം أَن يَعْلَمَهُ അതിനെ അറിയുമെന്നത്, അദ്ദേഹത്തെ (നബിയെ) അറിയുമെന്നുള്ളത് عُلَمَاءُ പണ്ഡിതൻമാർ, അറിവുള്ളവർ بَنِي إِسْرَائِيلَ ഇസ്റാഈൽ സന്തതികളിലെ, ഇസ്റാഈല്യരുടെ

അത്, അഥവാ ക്വുർആൻ മുൻഗാമികളുടെ ഗ്രന്ഥങ്ങളിലുണ്ട് എന്ന് പറഞ്ഞതിന്റെ താൽപര്യം; അതിന്റെ മൂലസിദ്ധാന്തങ്ങളും, പ്രധാന തത്വങ്ങളും മുൻകഴിഞ്ഞ വേദഗ്രന്ഥങ്ങളിലും ഉണ്ടെന്നും, ആകയാൽ ക്വുർആൻ പുത്തനായ ഒരു സിദ്ധാന്തം കൊണ്ടുവന്നിരിക്കുകയല്ലെന്നുമാകുന്നു. ക്വുർആനെക്കുറിച്ചും, അതിന്റെ മഹത്വത്തെക്കുറിച്ചും ആ ഗ്രന്ഥങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ടെന്നും ഇവിടെ ഉദ്ദേശ്യമായിരിക്കാവുന്നതാണ്. ഈ രണ്ട് വിധത്തിലും ഈ വചനം വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. രണ്ടും വാസ്തവമാണ് താനും. പൂർവ്വഗ്രന്ഥങ്ങൾ അവയുടെ സാക്ഷാൽ രൂപത്തിൽ ഇന്ന് നിലവിലില്ല. യാതൊരു തരത്തിലുള്ള മാറ്റത്തിനോ, കൈകടത്തലിനോ വിധേയമാകാത്ത ഭാഗമേതെങ്കിലും അവയിൽ ശേഷിപ്പുണ്ടോ എന്ന്പോലും തീർത്തുപറയുവാൻ സാധ്യമല്ല. നബി ﷺ യെയും, ക്വുർആനെയും സംബന്ധിക്കുന്ന വശങ്ങളിൽ പ്രത്യേകിച്ചും കൈകടത്തപ്പെട്ടിരിക്കുകയാണെന്നതും സ്മരണീയമാണ്. എന്നിട്ട് പോലും മേൽപറഞ്ഞ രണ്ട് സംഗതികൾക്കും– ക്വുർആന്റെ പ്രധാന സിദ്ധാന്തങ്ങളും, തത്വങ്ങളും അവയിൽ അടങ്ങിയിട്ടുണ്ടെന്നും, ക്വുർആനെയും ക്വുർആന്റെ മഹത്വത്തെയും സംബന്ധിച്ച് അതിൽ പ്രസ്താവിച്ചിട്ടുണ്ടെന്നുമുള്ളതിന് –ആ ഗ്രന്ഥങ്ങളിൽ അങ്ങിങ്ങായി പല തെളിവുകളും ഇന്നും അവശേഷിക്കുന്നുണ്ട് താനും.

ബൈബിളിൽ 'പഴയ നിയമം' എന്ന പേരിൽ അറിയപ്പെടുന്ന പൂർവ്വവിഭാഗങ്ങളിലാണ് താരതമ്യേന കൂടുതൽ തെളിവ് കാണുക. മൂസാ നബി (അ)യുടെയും, ഈസാ നബി (അ)ക്ക് മുമ്പുള്ള പല നബിമാരുടെയും വേദഗ്രന്ഥങ്ങളെന്ന നിലക്കാണ് ഈ വിഭാഗം പൊതുവിൽ വേദക്കാർ കരുതിവന്നത്. 'പുതിയ നിയമം' എന്ന പേരിൽ അറിയപ്പെടുന്ന അവസാനത്തെ ഭാഗം ഈസാ നബി (അ)യുടെശേഷം അദ്ദേഹത്തിന് ദിവ്യത്വം കൽപിച്ചുകൊണ്ടുള്ള ഒരടിസ്ഥാനത്തിൽ വിരചിതമായിട്ടാണ് കാണപ്പെടുന്നത്. ഇന്ന് 'ഇൻജീലുകൾ' (الأناجيل) അഥവാ സുവിശേഷ പുസ്തകങ്ങൾ എന്ന് പറയപ്പെടുന്ന ഓരോന്നും തന്നെ, അദ്ദേഹത്തിന് ശേഷം ഓരോരുത്തരുടെ കൈക്ക് വിരചിതമാണെന്നുള്ളതിൽ സംശയമില്ല. അതേ സമയത്ത് 'പുതിയ നിയമ'ത്തിലെ പുസ്തകങ്ങൾ പരിശോധിച്ചാൽ അവ കേവലം ചില 'ഇൻജീലു'കളും (സുവിശേഷങ്ങളും), ക്രൈസ്തവ സിദ്ധാന്തങ്ങളുമല്ലാതെ, ന്യായപ്രമാണങ്ങളോ, നിയമസംഹിതയോ അല്ലെന്നതും ഒരു വസ്തുതയത്രെ. 'പഴയനിയമ'ത്തിൽ എത്രതന്നെ മാറ്റത്തിരുത്തങ്ങൾ വന്നുപോയിട്ടുണ്ടെങ്കിൽകൂടി– അവ പരിശോധിക്കുന്നപക്ഷം– അതിൽ ന്യായപ്രമാണവും, നിയമസംഹിതയും അടങ്ങിയിട്ടുണ്ടെന്ന് കാണാവുന്നതാണ്. ഒരു സമുദായത്തിന്റെ വിജയത്തിനാവശ്യമായ ധാർമിക നിയമ സമൂഹമായി

രുന്നു അത് എന്ന ഒരു പ്രതീതി അതിൽനിന്ന് അനുഭവപ്പെടും. ഇതെല്ലാം ഇവിടെ വിവരിക്കേണ്ടുന്ന ആവശ്യമില്ല. ചുരുക്കത്തിൽ, മേൽചൂണ്ടിക്കാട്ടിയ കാരണങ്ങളാൽ, പഴയ നിയമത്തെ അപേക്ഷിച്ച് പുതിയ നിയമത്തിൽ ക്വുർആനെക്കുറിച്ചോ, നബിﷺയെക്കുറിച്ചോ വളരെ കുറഞ്ഞ സ്പർശനമേ കണ്ടെത്തുവാൻ കഴിയുകയുള്ളൂവെന്നത് സ്വാഭാവികമാണ്.

ഇന്നത്തെ ബൈബ്ളിന്റെ സ്ഥിതി എന്തായിരുന്നാലും ശരി, തൗറാത്തിലും, ഇൻജീലിലും നബിﷺയെക്കുറിച്ച് വ്യക്തമായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ടായിരുന്നുവെന്നതിൽ സംശയമില്ല സൂ: അഅ്റാഫിൽ അല്ലാഹു പറയുന്നു:-

الَّذِينَ يَتَّبِعُونَ الرَّسُولَ النَّبِيَّ الأُمِّيَّ الَّذِي يَجِدُونَهُ مَكْتُوبًا عِندَهُمْ فِي التَّوْرَاةِ وَالإِنْجِيلِ الخ – الاعراف : 157

(.....തങ്ങളുടെ പക്കൽ തൗറാത്തിലും, ഇൻജീലിലും എഴുതി രേഖപ്പെടുത്തപ്പെട്ടതായി അവർ കാണുന്ന അക്ഷരജ്ഞാനമില്ലാത്ത പ്രവാചകനായ റസൂലിനെ പിൻപറ്റുന്നവർ....)

നബിﷺക്ക് ദിവ്യദൗത്യം (الرِسَالَة) ലഭിക്കുന്നതിനുമുമ്പ് വേദക്കാർക്ക് പൊതുവിലും, യഹൂദർക്ക് പ്രത്യേകിച്ചും വരുവാനിരിക്കുന്ന ഒരു പ്രവാചകന്റെ ലക്ഷണങ്ങൾ സുപരിചിതമായിരുന്നു. അവരുടെ വേദപ്രമാണങ്ങളിൽ നിന്ന് അറിവായ ആ അടയാളങ്ങൾ സാക്ഷാൽകൃതമായിക്കാണുന്ന ഒരു അന്ത്യപ്രവാചകനെ അവർ അക്ഷമയോടെ കാത്തിരിക്കുന്നുണ്ടായിരുന്നു. പക്ഷേ, അവർക്കറിയാവുന്ന അക്കാര്യം യഥാർത്ഥത്തിൽ പുലർന്നുവന്നപ്പോൾ അവർ അത് നിഷേധിക്കുകയാണുണ്ടായത്. (فَلَمَّا جَاءَهُم مَّا عَرَفُواْ كَفَرُواْ بِهِ – البقرة : ٨٩) പ്രസ്തുത അടയാളങ്ങൾ കണ്ടതിന്റെ അടിസ്ഥാനത്തിൽ തന്നെ വേദക്കാരായ കുറെ ആളുകൾ നബിﷺയിൽ വിശ്വസിക്കുകയുണ്ടായിട്ടുള്ളതും, ചരിത്രപ്രസിദ്ധമാകുന്നു. അവരിൽ പണ്ഡിതൻമാരായിരുന്ന അബ്ദുല്ലാഹിബ്നുസലാം (റ), സൽമാനുൽ ഫാരിസി (റ) എന്നീ പേരുകൾ അക്കൂട്ടത്തിൽ പ്രത്യേകം പ്രസ്താവ്യമാണ്.

വേദക്കാരല്ലാതിരുന്ന അറബികളെ സംബന്ധിച്ച് പറയുകയാണെങ്കിൽ, അവർക്ക് വേദഗ്രന്ഥങ്ങൾ പരിചിതമല്ലെങ്കിലും വേദക്കാർ മുഖേന ലഭിച്ച അറിവിന്റെ അടിസ്ഥാനത്തിൽ അവരും അതിനെക്കുറിച്ച് അജ്ഞരായിരുന്നില്ല. അതുകൊണ്ടാണ്, ഇസ്റാഈൽ പണ്ഡിതൻമാർക്ക് അറിയുമെന്ന വസ്തുത അവർക്കൊരു ലക്ഷ്യമല്ലേയോ എന്ന് അല്ലാഹു ചോദിച്ചത്. നബി തിരുമേനിﷺ ഇസ്റാഈൽ വർഗത്തിൽപെട്ട ആളല്ലാതിരുന്നതാണ് വേദക്കാർ നബിﷺയിൽ വിശ്വസിക്കാതിരിക്കാൻ പ്രധാന കാരണം. എന്നാൽ, ഇസ്മാഈൽ വർഗക്കാരായ അറബികൾ ഈ ഒരൊറ്റ ലക്ഷ്യത്തിന്റെ പശ്ചാത്തലത്തിൽ മാത്രം നബിﷺയിൽ വിശ്വസിക്കുവാൻ അവകാശപ്പെട്ടവരായിരുന്നു. പക്ഷേ, തങ്ങളുടെ വിഗ്രഹാരാധന മുതലായ അനാചാരങ്ങളെ തിരുമേനി ശരിവെക്കാതിരുന്നത് നിമിത്തം അവരും നബിﷺയെ എതിർത്തുകളഞ്ഞു.

197 -ാം വചനത്തിലെ يَعْلَمَهُ എന്ന വാക്കിനാണ് 'അതറിയും' എന്ന് നാം അർത്ഥം കൽപിച്ചത്. 'അത്' എന്ന സർവ്വനാമംകൊണ്ടുദ്ദേശ്യം ക്വുർആനാണെന്നും, നബിﷺയാണെന്നും വരാവുന്നതാണ്. നബിﷺയാണെന്ന് വെക്കുമ്പോൾ 'അദ്ദേഹത്തെ അറിയും' എന്നാണർത്ഥം കൊടുക്കേണ്ടത്. ഉദ്ദേശ്യം ഈ രണ്ടിൽ ഏതായാലും സാരത്തിൽ ഒന്ന് തന്നെ. കാരണം, നബിﷺയും ക്വുർആനും പരസ്പരം ബന്ധപ്പെട്ടുനിൽക്കുന്നതും, ഒന്നിന്റെ നിഷേധവും, സ്വീകരണവും മറ്റേതിനും ബാധകമാകുന്നതുമാണല്ലോ. ക്വുർആന്റെ സത്യതക്കുള്ള തെളിവും നബിﷺയുടെ സത്യതക്കുള്ള തെളിവും ഒന്ന് തന്നെ.

ക്വുർആന്റെ വ്യക്തമായ സിദ്ധാന്തങ്ങൾക്കും, പ്രസ്താവനകൾക്കും എതിരായി ബൈബ്

ളിൽ പലതും കാണാം. അതുമായി യോജിക്കുന്ന (വിഗ്രഹാരാധന തുടങ്ങിയ തുറകളിൽ) ചിലവശങ്ങളും അതിലുണ്ട്.അതുകൊണ്ടാണ് 'വേദക്കാർ പറയുന്നത് നിങ്ങൾ സത്യമാക്കുകയും അസത്യമാക്കുകയും ചെയ്യരുത്' (ولا تكذبوهم لاتصدقوا اهل الكتاب) എന്ന് നബിﷺ പറഞ്ഞത്. തക്കതായ ലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ സത്യമാണെന്ന് കാണുന്നതിനെ സത്യമായി സ്വീകരിക്കുകയും, അതേ അടിസ്ഥാനത്തിൽ തെറ്റായി കാണുന്നതിനെ തള്ളിക്കളയുകയും ചെയ്യേണ്ടതുണ്ടെന്നും, രണ്ടും തീർച്ചപ്പെടുത്തുവാൻ തെളിവില്ലാത്ത വിഷയങ്ങളെ സംബന്ധിച്ചാണ് നബിﷺ ഇത് പ്രസ്താവിച്ചിട്ടുള്ളതെന്നും നാം മുഖവുരയിൽ വിവരിച്ചിരിക്കുന്നു. എനി, നിലവിലുള്ള ബൈബ്ളിൽ തന്നെ, ക്വുർആന്റെയും, നബിﷺയുടെയും സത്യതക്ക് തെളിവ് നൽകുന്ന ചില പ്രസ്താവനകൾ ഉദാഹരണാർത്ഥം നമുക്കിവിടെ പരിശോധിച്ചു നോക്കാം:-

1) ആവർത്തന പുസ്തകത്തിൽ മൂസാ നബി (അ)യോടായി യഹോവ (ദൈവം) ഇങ്ങനെ പറയുന്നു: 'നിന്നെപ്പോലെ ഒരു പ്രവാചകനെ ഞാൻ അവർക്ക് (ഇസ്റാഈല്യർക്ക്) അവരുടെ സഹോദരൻമാരുടെ ഇടയിൽനിന്നും എഴുന്നേൽപിച്ച് എന്റെ വചനങ്ങളെ അവന്റെ നാവിൻമേൽ ആക്കും. ഞാൻ അവനോട് കൽപിക്കുന്നത് ഒക്കെയും അവൻ അവരോട് പറയും. അവൻ എന്റെ നാമത്തിൽ പറയുന്ന എന്റെ വചനങ്ങൾ യാതൊരുത്തനെങ്കിലും കേൾക്കാതിരുന്നാൽ അവനോട് ഞാൻ ചോദിക്കും. എന്നാൽ, ഒരു പ്രവാചകൻ ഞാൻ അവനോട് കല്പിക്കാത്ത വചനം എന്റെ നാമത്തിൽ അഹങ്കാരത്തോടെ പ്രസ്താവിക്കുകയോ അന്യദൈവങ്ങളുടെ നാമത്തിൽ സംസാരിക്കുകയോ ചെയ്താൽ ആ പ്രവാചകൻ മരണശിക്ഷ അനുഭവിക്കണം. അത് യഹോവ അരുളിച്ചെയ്യാത്ത വചനം എന്ന് ഞങ്ങൾ എങ്ങനെ അറിയും എന്ന് നിന്റെ ഹൃദയത്തിൽ പറഞ്ഞാൽ, ഒരു പ്രവാചകൻ യഹോവയുടെ നാമത്തിൽ സംസാരിക്കുന്ന കാര്യം സംഭവിക്കുകയും ഒത്തുവരികയും ചെയ്യാഞ്ഞാൽ അത് യഹോവ അരുളിച്ചെയ്തതല്ല; പ്രവാചകൻ അത് സ്വയംകൃതമായി സംസാരിച്ചതത്രെ; അവനെ പേടിക്കരുത്.' (ആവർത്തനം: 18 ൽ 18 – 22.)

ഈ പ്രവചനം യോശുവാ (يوشع - ع) പ്രവാചകനെ സംബന്ധിച്ചാണെന്ന് വേദക്കാർ ദുർവ്യാഖ്യാനിക്കാറുണ്ട്. എന്നാൽ, അതേ പുസ്തകത്തിന്റെ അവസാനഭാഗങ്ങളിൽ മൂസാ നബി (അ)യുടെ മരണവാർത്ത വിവരിച്ചതിനെത്തുടർന്ന് ഇങ്ങനെ പറഞ്ഞുകൊണ്ടാണ് അത് അവസാനിക്കുന്നത് 'മോശെ പ്രവർത്തിച്ച ഭയങ്കര കാര്യമൊക്കെയും വിചാരിച്ചാൽ യഹോവ അഭിമുഖമായി അറിഞ്ഞ മോശയെപ്പോലെ ഒരു പ്രാവചകൻ യിസ്രായേലിൽ പിന്നെ ഉണ്ടായിട്ടില്ല'. ഈ വാക്യങ്ങൾ മൂസാ (അ)ക്ക് ശേഷം ആരോ എഴുതിച്ചേർത്തതാണെന്ന് സ്പഷ്ടമാണ്. അദ്ദേഹം മരണമടഞ്ഞ ഉടനെത്തന്നെ ആയിരിക്കാനും തരമില്ല; കുറേ കാലം ചെന്നശേഷമായിരിക്കണം അതെഴുതപ്പെട്ടത്. എങ്ങനെ നോക്കിയാലും, കേവലം മൂസാ നബി (അ)യുടെ വാലിയക്കാരനും, അദ്ദേഹത്തിന്റെ കാലശേഷം അദ്ദേഹത്തിന്റെ പിൻഗാമിയും പ്രതിനിധിയുമായിരുന്ന യോശുവാ പ്രവാചകനായിരുന്നു മേൽകണ്ട പ്രവചനംകൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്ന് സങ്കൽപിക്കുവാൻ യാതൊരു മാർഗവുമില്ല. യോശുവാ പ്രവാചകനാകട്ടെ, ഒരു വേദഗ്രന്ഥമോ, ഒരു പുതിയ നിയമവ്യവസ്ഥയോ കൊണ്ടുവന്നിട്ടുമില്ല. മൂസാ നബി (അ)യുടെ പിൻഗാമി എന്ന നിലയിൽ, അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ (ഇസ്റാഈല്യരെ ഫലസ്തീനിൽ കുടിയിരുത്തുക മുതലായവ) പൂർത്തീകരിക്കുക മാത്രമായിരുന്നു അദ്ദേഹം നിർവ്വഹിച്ചതും.

ഇസ്റാഈല്യർക്ക് മൂസാ (അ) മുഖാന്തരം നൽകപ്പെട്ട ഈ പ്രവചനത്തിൽ 'അവരുടെ സഹോദരൻമാരുടെ ഇടയിൽനിന്ന് ഒരു പ്രവാചകനെ എഴുന്നേൽപിക്കുമെന്നാണല്ലോ പറ

ഞ്ഞത്. അതിന്റെ ഉദ്ദേശ്യം ഇസ്റാഈൽ വർഗത്തിന്റെ സഹോദരവർഗമായ ഇസ്മാഈൽ വർഗത്തിൽനിന്നായിരിക്കും അതെന്ന് വ്യക്തമാണ്. അതായത്: അറബികളിൽ നിന്നുതന്നെ. യോശുവാ പ്രവാചകനാകട്ടെ, ഇസ്മാഈലി വർഗക്കാരനോ അറബിയോ അല്ല. ഈ പ്രവചനം 'നിവൃത്തിയാകുന്നത്' യേശുക്രിസ്തുവിനെക്കൊണ്ടാണെന്നാണ് മറ്റൊരു വാദം. അദ്ദേഹവും ഇസ്റാഈൽ വർഗത്തിൽ ജനിച്ച ആളാണ് , ഇസ്മാഈലിയല്ല. അതിനും പുറമെ, യോഹന്നാൻ എഴുതിയ സുവിശേഷം (ഇൻജീൽ) ഈ വാദത്തെ നിഷേധിക്കുന്നതായും കാണാം. അതിൽ പറയുന്നു:-

'നീ ആർ എന്ന് യോഹന്നാനോട് ചോദിക്കേണ്ടതിന് യെഹൂദൻമാർ യെരൂശലേമിൽ നിന്ന് പുരോഹിതൻമാരെയും ലേവ്യരെയും അവന്റെ അടുക്കൽ അയച്ചപ്പോൾ, അവന്റെ സാക്ഷ്യം എന്തെന്നാൽ: അവൻ മറക്കാതെ പറഞ്ഞു: ഞാൻ ക്രിസ്തു അല്ല എന്ന് ഏറ്റ് പറഞ്ഞു. പിന്നെ എന്ത്? നീ ഏലിയാവോ? എന്ന് അവരോട് ചോദിച്ചതിന് അല്ല എന്ന് പറഞ്ഞു. നീ ആ പ്രവാചകനാണോ? എന്നതിന് അല്ല എന്ന് അവൻ ഉത്തരം പറഞ്ഞു . അവർ അവനോട്: നീ ആരാകുന്നു? ഞങ്ങളെ അയച്ചവരോട് ഉത്തരം പറയേണ്ടതിന് നീ നിന്നെക്കുറിച്ചുതന്നേ എന്തുപറയുന്നു? എന്ന് ചോദിച്ചു. അതിനു അവൻ: യെശയ്യാ പ്രവാചകൻ പറഞ്ഞതുപോലെ കർത്താവിന്റെ വഴി നേരെ ആക്കുവിൻ എന്ന് മരുഭൂമിയിൽ വിളിച്ചു പറയുന്നവന്റെ ശബ്ദം ഞാൻ ആകുന്നു എന്ന് പറഞ്ഞു......' (യോഹന്നാൻ 1 -ൽ 19 - 24)

അവൻ അക്കാലത്ത് ഒരു ക്രിസ്തുവിനെയും, ഒരു ഏലിയാവിനെയും, ഒരു പ്രവാചകനെയും പ്രതീക്ഷിച്ചുവരുന്നുണ്ടായിരുന്നുവെന്ന് ഇതിൽനിന്ന് മനസ്സിലായല്ലോ. ആ പ്രവാചകനാകട്ടെ, ക്രിസ്തുവോ, യോഹന്നാനോ (യഹ്യാനബിയോ) അല്ലാതെ മറ്റൊരാളായിരിക്കണമെന്നും തീർച്ചയാണ്. എന്നാൽ യെശയ്യാ പ്രവാചകൻ പറഞ്ഞതുപോലെ, 'കർത്താവിന്റെ വഴി നേരെ ആക്കുവിൻ' എന്ന് മരുഭൂമിയിൽ വിളിച്ച് പറയുന്നവൻ ആരായിരിക്കും? യെശയ്യാ പ്രവാചകന്റെ ഈ പ്രവചനം, യശയ്യാ പുസ്തകം 60 ഉം 61 ഉം അദ്ധ്യായങ്ങളിൽ സുദീർഘമായി വർണിച്ചു കാണാം. അതിന്റെ ഉള്ളടക്കങ്ങൾ പരിശോധിക്കുമ്പോഴും, മോശെ (മൂസാ നബി) യിസ്റായേൽ മക്കളെ അനുഗ്രഹിച്ചു പറഞ്ഞിട്ടുള്ള ചില വാക്യങ്ങൾ നോക്കുമ്പോഴും ആ 'മരുഭൂമിയിൽ വിളിച്ചു പറയുന്ന' പ്രവാചകൻ മുഹമ്മദ് മുസ്ത്വഫാ തിരുമേനി ﷺ അല്ലാതെ മറ്റാരുമായിരിക്കയില്ല. ആവർത്തന പുസ്തകത്തിലെ ആ വാക്യങ്ങൾ ഇപ്രകാരമാകുന്നു:

'യഹോവ സീനായിൽ നിന്നുവന്ന് അവർക്ക് സേയീരിൽ നിന്ന് ഉദിച്ചു, പാറാൻ പർവ്വതത്തിൽ നിന്ന് വിളങ്ങി, ലക്ഷോപിലക്ഷം വിശുദ്ധൻമാരുടെ അടുക്കൽ നിന്ന് വന്നു,.... (ആവർത്തന പുസ്തകം: 33 -ൽ 2) ഇവിടെ സീനായിലെ (طور سيناء) വരവ് മൂസാ നബിയെയും, സേയീരിലെ (جبل ساعير) ഉദയം ഈസാ നബിയെയും പാറാനിലെ (جبل فاران) വിളങ്ങൽ മുഹമ്മദ് നബിയെയും (عليهم الصلوة والسلام) കുറിക്കുന്നു. ആവർത്തന പുസ്തകത്തിൽ ചൂണ്ടിക്കാട്ടിയ മരുഭൂമി, അറേബ്യൻ മരുഭൂമിയെയും സൂചിപ്പിക്കുന്നു. മേൽപറഞ്ഞ ഓരോ മലയും സ്ഥിതി ചെയ്യുന്ന സ്ഥാനം കൊണ്ടുതന്നെ ഇത് മനസ്സിലാക്കാം. *(*)*

(*) പടം 3, 5 മുതലായവ നോക്കുക.

وَلَوْ نَزَّلْنَـٰهُ عَلَىٰ بَعْضِ ٱلْأَعْجَمِينَ ﴿١٩٨﴾

《198》 അനറബികളിൽ (ഏതെങ്കിലും) ചിലരുടെമേൽ നാം അത് [ക്വുർആൻ] അവതരിപ്പിച്ചിരുന്നുവെങ്കിൽ,-

فَقَرَأَهُۥ عَلَيْهِم مَّا كَانُوا۟ بِهِۦ مُؤْمِنِينَ ﴿١٩٩﴾

《199》 എന്നിട്ട് അദ്ദേഹം അതവർക്ക് ഓതിക്കൊടുക്കുകയും ചെയ്താൽ, അവർ അതിൽ വിശ്വസിക്കുന്നവരായിരിക്കയില്ല.

《198》 وَلَوْ نَزَّلْنَاهُ നാം അതിനെ ഇറക്കിയിരുന്നെങ്കിൽ عَلَىٰ بَعْضِ ചിലരുടെമേൽ الْأَعْجَمِينَ അനറബികളിൽ (അറബികളല്ലാത്തവരിൽ) 《199》 فَقَرَأَهُ എന്നിട്ടത് അദ്ദേഹം ഓതിക്കൊടുത്താൽ, വായിച്ചാൽ عَلَيْهِم അവർക്ക്, അവരിൽ مَا كَانُوا അവരായിരിക്കയില്ല بِهِ അതിൽ مُؤْمِنِينَ വിശ്വസിക്കുന്നവർ

മുഹമ്മദ് നബിﷺ ഒരു അറബിയാണ്, അദ്ദേഹത്തിന്റെ ആഗമനത്തെക്കുറിച്ച് വേദക്കാരായ പണ്ഡിതൻമാർക്ക് അറിയുകയും ചെയ്യാം. ആ നിലക്ക് ഇവർ- മുശ്രിക്കുകളായ അറബികൾ- അദ്ദേഹത്തിൽ വിശ്വസിക്കുവാൻ കടമപ്പെട്ടവരാകുന്നു. അവരത് ചെയ്യുന്നില്ല. എന്നിരിക്കുമ്പോൾ, അറബിയല്ലാത്ത ഒരാളുടെ കൈക്കാണ് ഈ ഗ്രന്ഥം -സ്പഷ്ടമായ അറബി ഭാഷയിലുള്ള ക്വുർആൻ- അവതരിക്കപ്പെട്ടിട്ടുള്ളതെങ്കിൽ തീർച്ചയായും ഇവർ വിശ്വസിക്കുകയില്ലല്ലോ. എനി, ക്വുർആൻ അന്യഭാഷയിലും, റസൂൽ അറബിയും ആയാലത്തെ സ്ഥിതിയോ? അതും അങ്ങനെത്തന്നെ. സൂ: ഹാമീം സജദഃയിൽ അല്ലാഹു പ്രസ്താവിച്ചതുപോലെ, അപ്പോൾ അവർ പറഞ്ഞേക്കും; 'ഞങ്ങൾക്ക് ഇത് വിസ്തരിച്ചു വിവരിച്ചു തരേണ്ടതല്ലേ! വേദഗ്രന്ഥം അന്യഭാഷയിലും പ്രവാചകൻ അറബിയും ആയിരിക്കുകയോ? ഇതെന്ത് കഥയാണ്!' എന്നൊക്കെ. (وَلَوْ جَعَلْنَاهُ قُرْآنًا أَعْجَمِيًّا لَّقَالُوا الخ حم السجدة :٤٤ –) ചുരുക്കത്തിൽ അവർ വിശ്വസിക്കാതിരിക്കുവാനുള്ള കാരണം അതൊന്നുമല്ല. അത് മറ്റൊന്നാണ്. അത് അടുത്ത വചനത്തിൽ നിന്ന് മനസ്സിലാക്കാം.